# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2074 — 6.10.2016-ൽ മറുപടിയ്ക്ക്

## കരമന - വെള്ളറട റോഡിന്റെ നിർമ്മാണ പ്രവൃത്തി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) എസ്.ആർ.ഐ.പി. യിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ടിട്ടുള്ള കരമന - വെള്ളറട റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി വിശദീകരിയ്ക്കാമോ; | (എ) എസ്.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കരമന - വെള്ളറട റോഡ് സ്ഥലമേറ്റെടുത്ത് അപ്ഗ്രേഡ് ചെയ്യുന്നതിന് ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 15.2.2016-ലെ G.O.(Rt)No.355/2016/PWD ഉത്തരവ് പ്രകാരം കരമന-വെള്ളറട റോഡ് വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി 5054-04-337-80-NV എന്ന ബഡ്ജറ്റ് ഹെഡിൽ നിന്നും 21.44 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. അതനുസരിച്ച് റോഡ് വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ LA 2013 Act പ്രകാരമുള്ള റിക്വിസിഷൻ കത്ത് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 23.03.2016-ന് നൽകുകയുണ്ടായി. 04.07.2016-ന് തിരുവനന്തപുരം കളക്ടർ സ്പെഷ്യൽ തഹസീൽദാരെ (എൽ.എ) NH-നെ ഭൂമിയേറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന് പൊന്നുംവില നടപടികൾ ആരംഭിക്കുന്നതിനായി സംയുക്ത പരിശോധന ആവശ്യമാണെന്ന് കാണിച്ച് സ്പെഷ്യൽ തഹസീൽദാർ 30.08.2016-ന് കത്ത് നൽകുകയുണ്ടായി. തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) സർവ്വേ നടപടികളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും പൂർത്തീകരിയ്ക്കപ്പെട്ടിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിയ്ക്കാമോ? | (ബി) സർവ്വേ നടപടികളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും എത്രയും വേഗം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. റോഡ് നിർമ്മാണത്തിനുള്ള ഭൂമി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനത്തിനുള്ള ദർഘാസുകൾ ക്ഷണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ